## 15 -ാം കേരള നിയമസഭ

## 10 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 570** **30-01-2024 - ൽ മറുപടിയ്ക്ക്**

## ഉല്പന്നങ്ങൾ ജി.എസ്.ടി പരിധിയിലാക്കുന്ന നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പായ്ക്കുചെയ്തു വിൽക്കുന്നതുൾപ്പെടെയുള്ള എല്ലാ ഉല്പന്നങ്ങളെയും ക്രമേണ ജി.എസ്.ടി. പരിധിയിലാക്കുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | യൂണിറ്റ് കണ്ടെയ്നറിൽ പായ്ക്ക് ചെയ്യപ്പെട്ടിട്ടുള്ളതും ബ്രാൻഡ് നെയിം ഉള്ളതുമായ നിർദിഷ്ട സാധനങ്ങൾ"ക്ക് നേരത്തെ ബാധകമായിരുന്ന 5 ശതമാനം ജി.എസ്.ടി. "മുൻകൂറായി പായ്ക്ക് ചെയ്തു ലേബൽ ചെയ്തിട്ടുള്ള നിർദിഷ്ട സാധനങ്ങൾ" എന്നതാക്കി മാറ്റുവാൻ നാല്പത്തിയേഴാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിൽ തീരുമാനമെടുത്തു. പല ബ്രാൻഡഡ് കമ്പനികളും ബ്രാൻഡഡ് സാധനങ്ങൾക്കുള്ള നികുതി അടയ്ക്കാതെ ഡിക്ലറേഷൻ എഴുതി നികുതി ഒഴിവ് ദുരുപയോഗം ചെയ്ത് വില്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് ലൂസ് ആയി വിൽക്കുന്ന ഇത്തരം സാധനങ്ങൾക്ക് മാത്രം നികുതി ഒഴിവ് നിലനിർത്തുന്നതിനായി ജി.എസ്.ടി. കൗൺസിൽ തീരുമാനമെടുത്തത്. സാധാരണക്കാർക്ക് ലൂസ് ആയി വിൽക്കുന്ന അരി, ഗോതമ്പ് തുടങ്ങിയ ധാന്യങ്ങൾക്കും പയർ വർഗ്ഗങ്ങൾക്കും മുൻകാലത്തെ പോലെ തന്നെ നികുതി രഹിതമായി തുടരുകയാണ്.<br><br>സാധാരണയായി മില്ലുടമകൾ മൊത്തവ്യാപാരികൾക്കും മൊത്തവ്യാപാരികൾ ചില്ലറ വില്പനക്കാർക്കും അരി ഉൾപ്പെടെയുള്ള ധാന്യങ്ങൾ നൽകുന്നത് 50 കിലോയും അതിനു മുകളിലും ഉള്ള പാക്കറ്റുകൾ ആയിട്ടാണ്. അതിന് ജി.എസ്.ടി. ബാധകമാവുകയില്ല. ചില്ലറ വ്യാപാരികൾ ഇത്തരം പാക്കറ്റുകളിൽ നിന്ന് ലൂസ് ആയി സാധാരണക്കാർക്ക് സാധനങ്ങൾ തൂക്കി കൊടുക്കുമ്പോഴും ജി.എസ്.ടി. ബാധകമാവുകയില്ല. നിലവിൽ പായ്ക്ക് ചെയ്തു ലേബൽ ചെയ്ത സാധനങ്ങൾക്ക് ചുമത്തുന്ന അഞ്ചു ശതമാനം നികുതി സാധാരണക്കാരെ പ്രതികൂലമായി ബാധിക്കാതിരിക്കാനുള്ള എല്ലാ നടപടികളും സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാന ചരക്കുസേവന നികുതി നിയമത്തിലെ സെക്ഷൻ 22 പ്രകാരം പ്രതിവർഷം 40 ലക്ഷം രൂപ |

| | | | |
|---|---|---|---|
| | | | വരെ വിറ്റുവരവുള്ള വില്പനക്കാർ രജിസ്ട്രേഷൻ എടുക്കേണ്ട കാര്യമില്ല. ഇവർ നികുതി പിരിക്കേണ്ട കാര്യവുമില്ല. ഈ നിയമത്തിലെ സെക്ഷൻ 10 പ്രകാരം പ്രതിവർഷം 1.5 കോടി രൂപ വരെ വിറ്റുവരവുള്ള നികുതിദായകർക്ക് കോമ്പോസിഷൻ സ്കീമിന്റെ സൗകര്യം നൽകുന്നു. ഇത്തരത്തിലുള്ള ഏകദേശം 50,000 സ്ഥാപനങ്ങൾ കേരളത്തിലുണ്ട്. ഈ രണ്ട് വിഭാഗങ്ങളും ചെറുകിട മേഖലയിൽ പ്രവർത്തിക്കുന്നവ ആണ്. ഇവർ ഉപഭോക്താക്കളിൽ നിന്ന് നികുതി ഈടാക്കേണ്ടതില്ല. ഇതേപോലെ ഉപഭോക്താവിന്റെ സാന്നിധ്യത്തിൽ അരി പാക്ക് ചെയ്യുന്ന സ്ഥാപനങ്ങളും നികുതി ഈടാക്കാൻ പാടില്ല. ഈ വിഭാഗത്തിൽപ്പെട്ടവർ നികുതി പിരിക്കുന്നതായി കണ്ടെത്തിയാൽ സംസ്ഥാന ചരക്കു സേവന നികുതി നിയമ പ്രകാരം നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>സാധാരണക്കാരുടെ ജീവിതത്തെ പ്രതികൂലമായി ബാധിക്കുന്ന രീതിയിൽ ചരക്കുകളുടെയും സേവനങ്ങളുടെയും നികുതി വർദ്ധനവ് വരുത്തരുതെന്ന ശക്തമായ നിലപാട് നിരക്ക് പുനഃസംഘടനയുമായി ബന്ധപ്പെട്ട ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സ് യോഗത്തിലും തുടർന്ന് നടന്ന ജി.എസ്.ടി. കൗൺസിൽ മീറ്റിങ്ങിലും സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ വ്യക്തമായ നിലപാട് ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സ്-നെ അറിയിച്ചിട്ടുണ്ടായി രുന്നു. കേന്ദ്രത്തിന് അപ്രമാദിത്യമുള്ള ജി.എസ്.ടി. കൗൺസിലിൽ സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുവാനാണ് പ്രധാനമായും സംസ്ഥാനം ശ്രമിച്ചുവരുന്നത്. |
| (ബി) | എങ്കിൽ ഇതുമൂലം സംസ്ഥാന സമ്പദ് വ്യവസ്ഥയിൽ ഉണ്ടാകുന്ന വിലക്കയറ്റം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | യൂണിറ്റ് കണ്ടെയ്നറിൽ പാക്ക് ചെയ്യപ്പെട്ടിട്ടുള്ളതും ബ്രാൻഡ് നെയിം ഉള്ളതുമായ നിർദിഷ്ട സാധനങ്ങൾ"ക്ക് നേരത്തെ ബാധകമായിരുന്ന 5 ശതമാനം ജി.എസ്.ടി. "മുൻകൂറായി പാക്ക് ചെയ്തു ലേബൽ ചെയ്തിട്ടുള്ള നിർദിഷ്ട സാധനങ്ങൾ" എന്നതാക്കി മാറ്റുവാൻ നാല്പത്തിയേഴാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിൽ തീരുമാനമെടുത്തു. പല ബ്രാൻഡഡ് കമ്പനികളും ബ്രാൻഡഡ് സാധനങ്ങൾക്കുള്ള നികുതി അടയ്ക്കാതെ ഡിക്ലറേഷൻ എഴുതി നികുതി ഒഴിവ് ദുരുപയോഗം ചെയ്ത് വില്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് ലൂസ് ആയി വിൽക്കുന്ന ഇത്തരം സാധനങ്ങൾക്ക് മാത്രം നികുതി ഒഴിവ് നിലനിർത്തുന്നതിനായി ജി.എസ്.ടി. കൗൺസിൽ തീരുമാനമെടുത്തത്. സാധാരണക്കാർക്ക് ലൂസ് ആയി |

വിൽക്കുന്ന അരി, ഗോതമ്പ് തുടങ്ങിയ ധാന്യങ്ങൾക്കും പയർ വർഗ്ഗങ്ങൾക്കും മുൻകാലത്തെ പോലെ തന്നെ നികുതി രഹിതമായി തുടരുകയാണ്.

സാധാരണയായി മില്ലുടമകൾ മൊത്തവ്യാപാരികൾക്കും മൊത്തവ്യാപാരികൾ ചില്ലറ വില്പനക്കാർക്കും അരി ഉൾപ്പെടെയുള്ള ധാന്യങ്ങൾ നൽകുന്നത് 50 കിലോയും അതിനു മുകളിലും ഉള്ള പാക്കറ്റുകൾ ആയിട്ടാണ്. അതിന് ജി.എസ്.ടി. ബാധകമാവുകയില്ല. ചില്ലറ വ്യാപാരികൾ ഇത്തരം പാക്കറ്റുകളിൽ നിന്ന് ലൂസ് ആയി സാധാരണക്കാർക്ക് സാധനങ്ങൾ തൂക്കി കൊടുക്കുമ്പോളും ജി.എസ്.ടി. ബാധകമാവുകയില്ല. നിലവിൽ പായ്ക്ക് ചെയ്തു ലേബൽ ചെയ്ത സാധനങ്ങൾക്ക് ചുമത്തുന്ന അഞ്ചു ശതമാനം നികുതി സാധാരണക്കാരെ പ്രതികൂലമായി ബാധിക്കാതിരിക്കാനുള്ള എല്ലാ നടപടികളും സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാന ചരക്കുസേവന നികുതി നിയമത്തിലെ സെക്ഷൻ 22 പ്രകാരം പ്രതിവർഷം 40 ലക്ഷം രൂപ വരെ വിറ്റുവരവുള്ള വില്പനക്കാർ രജിസ്ട്രേഷൻ എടുക്കേണ്ട കാര്യമില്ല. ഇവർ നികുതി പിരിക്കേണ്ട കാര്യവുമില്ല. ഈ നിയമത്തിലെ സെക്ഷൻ 10 പ്രകാരം പ്രതിവർഷം 1.5 കോടി രൂപ വരെ വിറ്റുവരവുള്ള നികുതിദായകർക്ക് കോമ്പോസിഷൻ സ്കീമിന്റെ സൗകര്യം നൽകുന്നു. ഇത്തരത്തിലുള്ള ഏകദേശം 50,000 സ്ഥാപനങ്ങൾ കേരളത്തിലുണ്ട്. ഈ രണ്ട് വിഭാഗങ്ങളും ചെറുകിട മേഖലയിൽ പ്രവർത്തിക്കുന്നവ ആണ്. ഇവർ ഉപഭോക്താക്കളിൽ നിന്ന് നികുതി ഈടാക്കേണ്ടതില്ല. ഇതേപോലെ ഉപഭോക്താവിന്റെ സാന്നിധ്യത്തിൽ അരി പായ്ക്ക് ചെയ്യുന്ന സ്ഥാപനങ്ങളും നികുതി ഈടാക്കാൻ പാടില്ല. ഈ വിഭാഗത്തിൽപ്പെട്ടവർ നികുതി പിരിക്കുന്നതായി കണ്ടെത്തിയാൽ സംസ്ഥാന ചരക്ക സേവന നികുതി നിയമ പ്രകാരം നടപടികൾ സ്വീകരിക്കുന്നതാണ്.

സാധാരണക്കാരുടെ ജീവിതത്തെ പ്രതികൂലമായി ബാധിക്കുന്ന രീതിയിൽ ചരക്കുകളുടെയും സേവനങ്ങളുടെയും നികുതി വർദ്ധനവ് വരുത്തരുതെന്ന ശക്തമായ നിലപാട് നിരക്ക് പുനഃസംഘടനയുമായി ബന്ധപ്പെട്ട ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സ് യോഗത്തിലും തുടർന്ന് നടന്ന ജി.എസ്.ടി. കൗൺസിൽ മീറ്റിങ്ങിലും സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ വ്യക്തമായ നിലപാട് ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സ്-നെ അറിയിച്ചിട്ടുണ്ടായി രുന്നു. കേന്ദ്രത്തിന് അപ്രമാദിത്യമുള്ള ജി.എസ്.ടി.

| | | | |
|---|---|---|---|
| | | | കൗൺസിലിൽ സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുവാനാണ് പ്രധാനമായും സംസ്ഥാനം ശ്രമിച്ചുവരുന്നത്. |
| (സി) | പ്രസ്തുത കേന്ദ്രസർക്കാർ നയങ്ങളിൽ മാറ്റം വരുത്തുവാനും ഒപ്പം വിലക്കയറ്റം തടയുവാനുമായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | യൂണിറ്റ് കണ്ടെയ്നറിൽ പായ്ക്ക് ചെയ്യപ്പെട്ടിട്ടുള്ളതും ബ്രാൻഡ് നെയിം ഉള്ളതുമായ നിർദിഷ്ട സാധനങ്ങൾ"ക്ക് നേരത്തെ ബാധകമായിരുന്ന 5 ശതമാനം ജി.എസ്.ടി. "മുൻകൂറായി പായ്ക്ക് ചെയ്ത ലേബൽ ചെയ്തിട്ടുള്ള നിർദിഷ്ട സാധനങ്ങൾ" എന്നതാക്കി മാറ്റുവാൻ നാല്പത്തിയേഴാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിൽ തീരുമാനമെടുത്തു. പല ബ്രാൻഡഡ് കമ്പനികളും ബ്രാൻഡഡ് സാധനങ്ങൾക്കുള്ള നികുതി അടയ്ക്കാതെ ഡിക്ലറേഷൻ എഴുതി നികുതി ഒഴിവ് ദുരുപയോഗം ചെയ്ത് വില്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് ലൂസ് ആയി വിൽക്കുന്ന ഇത്തരം സാധനങ്ങൾക്ക് മാത്രം നികുതി ഒഴിവ് നിലനിർത്തുന്നതിനായി ജി.എസ്.ടി. കൗൺസിൽ തീരുമാനമെടുത്തത്. സാധാരണക്കാർക്ക് ലൂസ് ആയി വിൽക്കുന്ന അരി, ഗോതമ്പ് തുടങ്ങിയ ധാന്യങ്ങൾക്കും പയർ വർഗ്ഗങ്ങൾക്കും മുൻകാലത്തെ പോലെ തന്നെ നികുതി രഹിതമായി തുടരുകയാണ്.<br><br>സാധാരണയായി മില്ലുടമകൾ മൊത്തവ്യാപാരികൾക്കും മൊത്തവ്യാപാരികൾ ചില്ലറ വില്പനക്കാർക്കും അരി ഉൾപ്പെടെയുള്ള ധാന്യങ്ങൾ നൽകുന്നത് 50 കിലോയും അതിനു മുകളിലും ഉള്ള പാക്കറ്റുകൾ ആയിട്ടാണ്. അതിന് ജി.എസ്.ടി. ബാധകമാവുകയില്ല. ചില്ലറ വ്യാപാരികൾ ഇത്തരം പാക്കറ്റുകളിൽ നിന്ന് ലൂസ് ആയി സാധാരണക്കാർക്ക് സാധനങ്ങൾ തൂക്കി കൊടുക്കുമ്പോഴും ജി.എസ്.ടി. ബാധകമാവുകയില്ല. നിലവിൽ പായ്ക്ക് ചെയ്ത ലേബൽ ചെയ്ത സാധനങ്ങൾക്ക് ചുമത്തുന്ന അഞ്ചു ശതമാനം നികുതി സാധാരണക്കാരെ പ്രതികൂലമായി ബാധിക്കാതിരിക്കാനുള്ള എല്ലാ നടപടികളും സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാന ചരക്കുസേവന നികുതി നിയമത്തിലെ സെക്ഷൻ 22 പ്രകാരം പ്രതിവർഷം 40 ലക്ഷം രൂപ വരെ വിറ്റുവരവുള്ള വില്പനക്കാർ രജിസ്ട്രേഷൻ എടുക്കേണ്ട കാര്യമില്ല. ഇവർ നികുതി പിരിക്കേണ്ട കാര്യവുമില്ല. ഈ നിയമത്തിലെ സെക്ഷൻ 10 പ്രകാരം പ്രതിവർഷം 1.5 കോടി രൂപ വരെ വിറ്റുവരവുള്ള നികുതിദായകർക്ക് കോമ്പോസിഷൻ സ്കീമിന്റെ സൗകര്യം നൽകുന്നു. ഇത്തരത്തിലുള്ള ഏകദേശം 50,000 സ്ഥാപനങ്ങൾ കേരളത്തിലുണ്ട്. ഈ രണ്ട് വിഭാഗങ്ങളും ചെറുകിട മേഖലയിൽ പ്രവർത്തിക്കുന്നവ ആണ്. ഇവർ ഉപഭോക്താക്കളിൽ |

| | | | |
|---|---|---|---|
| | | | നിന്ന് നികുതി ഈടാക്കേണ്ടതില്ല. ഇതേപോലെ ഉപഭോക്താവിന്റെ സാന്നിധ്യത്തിൽ അരി പായ്ക്ക് ചെയ്യുന്ന സ്ഥാപനങ്ങളും നികുതി ഈടാക്കാൻ പാടില്ല. ഈ വിഭാഗത്തിൽപ്പെട്ടവർ നികുതി പിരിക്കുന്നതായി കണ്ടെത്തിയാൽ സംസ്ഥാന ചരക്കു സേവന നികുതി നിയമ പ്രകാരം നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>സാധാരണക്കാരുടെ ജീവിതത്തെ പ്രതികൂലമായി ബാധിക്കുന്ന രീതിയിൽ ചരക്കുകളുടെയും സേവനങ്ങളുടെയും നികുതി വർദ്ധനവ് വരുത്തരുതെന്ന ശക്തമായ നിലപാട് നിരക്ക് പുനഃസംഘടനയുമായി ബന്ധപ്പെട്ട ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സ് യോഗത്തിലും തുടർന്ന് നടന്ന ജി.എസ്.ടി. കൗൺസിൽ മീറ്റിങ്ങിലും സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ വ്യക്തമായ നിലപാട് ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സ്-നെ അറിയിച്ചിട്ടുണ്ടായി രുന്നു. കേന്ദ്രത്തിന് അപ്രമാദിത്യമുള്ള ജി.എസ്.ടി. കൗൺസിലിൽ സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുവാനാണ് പ്രധാനമായും സംസ്ഥാനം ശ്രമിച്ചുവരുന്നത്. |

സെക്ഷൻ ഓഫീസർ